27/7/2020
MONDAY

# MALAYALAM 2

STD-8
class-03

## Assignment

- 'നെല്ലില്ല പിശാശുക്കള്' - അടിയാളന്മാരായ തൊഴിലാളികളോടുള്ള ജന്മിമാരുടെ സമീപനം ഈ കഥാസന്ദർഭത്തിൽ എങ്ങനെ തെളിഞ്ഞു വരുന്നു? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Ans) . എല്ലുമുറിയെ അദ്ധ്വാനിച്ചിട്ടും വയറുനിറയെ ഭക്ഷണം കിട്ടാനില്ലാത്തവന്റെ വേദനയുടെ, പ്രതിഷേധത്തിന്റെ വ്യക്തമായ സൂചന പൂവിലക്കത്തി എന്ന പാഠഭാഗത്ത് കാണാൻ സാധിക്കും.

പുഷ്പവേലിൽ ഔസേപ്പ് എന്ന ജന്മിയുടെ വേലക്കാരനാണ് കോരൻ. പകലന്തിയോളം അധ്വാനിക്കുന്ന കോരന് കൂലിയെക്കാൾ ആവശ്യം നെല്ലാണ്. നെല്ലിന്റെ വിലയറിയാവുന്ന മുതലാളി നെല്ല് കൂലിയായി കൊടുക്കാൻ വിസമ്മതിച്ചു. നെല്ല് കരിഞ്ചന്തയിൽ മറിച്ചുവിറ്റാൽ വൻലാഭമാണ് കിട്ടുക. കൂലിയായി കിട്ടുന്ന മുക്കാൽ ചക്രം കൊണ്ട് കൈനകരി മുഴുവൻ നടന്നാലും നെല്ലു കിട്ടാൻ പ്രയാസമാണ്. കോരനുൾപ്പടെയുള്ള തൊഴിലാളികൾ അധ്വാനിച്ചു വിളയിച്ച നെല്ല് രാത്രിയുടെ മറവിൽ കരിഞ്ചന്തയിൽ വിറ്റ് മുതലാളിമാർ ലാഭം കൊയ്യുന്നു. കോരനെപ്പോലെയുള്ള തൊഴിലാളിക്കുടുംബങ്ങൾ പട്ടിണിയിലും. ഇദള്ളൊരു വ്യവസ്ഥിതി കാലാകാലങ്ങളായി തുടരുന്നു. ഇതിന് തെളിവാണ് കോരന്റെ അച്ഛന്റെ ജീവിതം. അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് പത്തു

ദിവസമായി എന്ന അയാളുടെ വാക്കുകൾ ദാരി-
ദ്ര്യത്തിന്റെ ദയനീയത സൂചിപ്പിക്കുന്നു. ആ-
ണ്ടോടാണ്ട് പതിനായിരപ്പറ നിലം കൃഷി ഉണ്ടായി-
രുന്ന ഒരു കൃഷിക്കാരന്റെ വേലക്കാരനായി എട്ടാം-
വയസ്സിൽ കൂടിയ ആളുടെ ഇന്നത്തെ അവസ്ഥയാ-
ണിത്. തൊഴിലാളിയുടെ അധ്വാനത്തിൽ ജന്മി
വളരും. എന്നാൽ തൊഴിലാളികൾക്ക് ഒരു നേരം
പോലും വയറുനിറയെ ഭക്ഷണമില്ല. കേരളത്തിൽ
ഒരുകാലത്ത് നിലനിന്ന ദുഷിച്ച സാമൂഹിക
വ്യവസ്ഥയുടെ, ചൂഷണത്തിന്റെ നേർചിത്രമാണ്
തകഴി വരച്ചിടുന്നത്.

By Muhammed.A
KCP HSS KAVASSERY